# പാറശ്ശാല കുടുംബശ്രീ സി.ഡി.എസ്.

## കൊറോണയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ റിപ്പോർട്ട്

കേരളത്തിന്റെ തെക്കേ അറ്റത്തെ മനോഹരമായ ഗ്രാമപ്രദേശമാണ് പാറശ്ശാല. കേരളത്തിന്റെയും തമിഴ്നാടിന്റെയും അതിർത്തി പ്രദേശമായ പാറശ്ശാലയ്ക്ക് വളരെയധികം പ്രാധാന്യം ലഭിക്കത്തക്കവിധമാണ് ഈഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ സി.ഡി.എസിന്റെ മികവുറ്റ പ്രവർത്തനങ്ങൾ.

കേരളത്തിലെ സ്ത്രീ ശാക്തീകരണത്തിലും സാമൂഹ്യ സാമ്പത്തിക മേഖലകളുടെ ഉന്നമനത്തിലും നിർണ്ണായകമായ സംഭാവനകൾ നല്കാൻ രണ്ടു ദശകത്തിൽപരം നീണ്ട പ്രവർത്തനങ്ങളിലൂടെ കുടുംബശ്രീ പ്രസ്ഥാനത്തിന് സാധിച്ചു.

സംസ്ഥാനം കോവിഡ് 19 മഹാമാരിയെ നേരിടുന്ന ഈ സമയത്ത് ആയിരക്കണക്കിന് കുടുംബശ്രീ പ്രവർത്തകർ പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കെടുത്തുകൊണ്ടിരിക്കുകയാണ്. കമ്മ്യൂണിറ്റി കിച്ചൻ, ജനകീയ ഹോട്ടൽ, മാസക് നിർമ്മാണം, കൗൺസിലിംഗ് പിന്തുണ, വായ്പാസഹായം, വയോജനങ്ങളുടെയും പ്രത്യേക ശ്രദ്ധ ആവശ്യമുള്ളവരുടെയും പരിരക്ഷ, തുടങ്ങിയ പല പ്രവർത്തനങ്ങളിലൂടെയും പാറശ്ശാല കുടുംബശ്രീ സി.ഡി.എസ്.നും തങ്ങളുടെതായ ഉന്നതസ്ഥാനം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതിയുടെ മികച്ച പിന്തുണയും കുടുംബശ്രീ

ജില്ലാമിഷന്റെ പിന്തുണയും കൂടുതൽ ഊർജസ്വലമായി മുന്നോട്ടു പോകാൻ പാറശ്ശാല കുടുംബശ്രീക്ക് പ്രചോദനമാകുന്നു.

കോവിഡ് മഹാമാരി വ്യാപിക്കുന്ന സാഹചര്യത്തിലും കുടുംബശ്രീ അംഗങ്ങൾക്കും, അയൽക്കൂട്ടത്തലത്തിലും **ADS-CDS** തലത്തിലും വേണ്ട അറിയിപ്പുകൾ നൽകുന്നതിനായി **Whats app** ഗ്രൂപ്പുകൾ തുടങ്ങുകയും എല്ലാ അയൽക്കൂട്ട അംഗങ്ങളെ ഉൾപ്പെടുത്തുകയും ചെയ്തു. ലോക്ക്ഡൗൺ സമയത്തും കുടുംബശ്രീയിൽ നൽകുന്ന നിർദ്ദേശങ്ങൾ എല്ലാവരിലും എത്തിക്കാൻ ഇത് സഹായകമായി.

പാറശ്ശാല **Cds** ൽ **Covid-19** മായി ബന്ധപ്പെട്ട് വിവിധ തയ്യൽയൂണിറ്റിലെ അംഗങ്ങളും, കുടുംബശ്രീ അയൽകൂട്ടാംഗങ്ങളും ചേർന്ന് മാസ്ക്കുകൾ നിർമ്മിക്കുകയും പഞ്ചായത്തിനും കുടുംബശ്രീ ജില്ലാമിഷനും ആവശ്യാനുസരണം നൽകുകയും ചെയ്തു.



കുടുംബശ്രീ **ADS** തലത്തിൽ ഓരോ അയൽക്കൂട്ടാംഗങ്ങൾക്കും കോവിഡ്– 19 മഹാമാരിയുടെ പ്രതിരോധത്തിനുള്ള ബോധവത്ക്കരണം നൽകി.

പാറശ്ശാല ജയമഹേഷ് കല്ല്യാണമണ്ഡപത്തിൽ ലോക്ക്ഡൗൺ സമയത്ത് പാറശ്ശാല കുടുംബശ്രീയുടെ നേതൃത്വത്തിൽ ആളുകൾക്ക് ഭക്ഷണം നൽകുന്നതിന് കമ്മ്യൂണിറ്റി കിച്ചൺ ആരംഭിക്കുകയും ഇതു വഴി ദിവസവും 650 ഓളം അർഹതപ്പെട്ടവർക്ക് ഉച്ചഭക്ഷണവും സായാഹ്ന ഭക്ഷണവും നൽകുകയുണ്ടായി.



പാറശ്ശാല കുടുംബശ്രീ Cds ലെ 4689 അയൽക്കൂട്ടങ്ങൾക്ക് ബഹു. മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ 339 NHG കൾക്ക് 28580000/- രൂപ അയൽക്കൂട്ടങ്ങളുടെ വിവിധ ബാങ്കുകൾ മുഖേന അനുവദിക്കുന്നതിന് വേണ്ട അപേക്ഷ തയ്യാറാക്കലും മറ്റു നടപടികളും ചെയ്യാൻ സാധിച്ചു.

പാറശ്ശാല കമ്മ്യൂണിറ്റി കിച്ചനുവേണ്ട ജൈവപച്ചക്കറികൾ വിവിധ JLG ഗ്രൂപ്പുകളിൽ നിന്നും ശേഖരിച്ചു നൽകുവാൻ കുടുംബശ്രീ പ്രവർത്തകർക്ക് കഴിഞ്ഞിട്ടുണ്ട്.



ജെന്റർ റിസോഴ്സ് സെന്റർ മുഖേന കമ്മ്യൂണിറ്റി കൗൺസിലർ ഹോം ക്വാറന്റീനിൽ കഴിയുന്ന 100 പേർക്ക് ഫോൺ മുഖേന കൗൺസിലിംഗും പിന്തുണയും നൽകുകയുണ്ടായി

അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട 60 വയസ്സിനു മുകളിൽ ഉള്ള 134 അംഗങ്ങൾക്ക് അവരുടെ ആവശ്യങ്ങൾ ചോദിച്ചു മനസ്സിലാക്കി നിറവേറ്റികൊടുക്കുകയും നിരവധി തവണ ഫോണിലൂടെ ബന്ധപ്പെട്ട് മാനസിക പിന്തുണ നൽകുകയും ചെയ്തു.

പാറശ്ശാല കുടുംബശ്രീ CDS ൽ പ്രവർത്തിക്കുന്ന കുടുംബശ്രീ ജില്ലാമിഷന്റെ കീഴിലെ സ്ഥാപനമായ കോമൺ ഫെസിലിറ്റി സെന്റർ മുഖേനയും ആവശ്യാനുസരണം വിവിധ സ്ഥാപനങ്ങൾക്ക് മാസ്ക്കുകൾ തയ്ച്ചു നൽകുകയും ചെയ്തു.



കമ്മ്യൂണിറ്റി കിച്ചൻ നടത്തിയതിലൂടെ CDS ന്റെ നേതൃത്വത്തിലുള്ള കാറ്ററിംഗ് യൂണിറ്റ് ചെറുവാരക്കോണം എന്ന സ്ഥലത്ത് കേരള സർക്കാരിന്റെ വിശപ്പുരഹിത കേരളം പദ്ധതിയിലുൾപ്പെട്ട ജനകീയ ഹോട്ടൽ തുടങ്ങുകയും വളരെ മികച്ച രീതിയിൽ ഹോട്ടലിന്റെ പ്രവർത്തനം നടത്തുവാൻ കുടുംബശ്രീ CDS ന്റെ നേതൃത്വത്തിൽ സാധിക്കുകയും ചെയ്തു വരുന്നു.

ബാലസഭ കുട്ടികളുടെ പ്രവർത്തനങ്ങളിലൂടെ വര, കരകൗശല നിർമ്മാണം, ടിക് ടോക്ക്, കൃഷി തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യാൻ കഴിഞ്ഞു.

പാറശ്ശാല പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടന്ന ശുചീകരണ പ്രവർത്തനങ്ങളിലും കുടുംബശ്രീ അംഗങ്ങളും വളരെ മികവുറ്റ രീതിയിൽ പങ്കാളികളായി. കൂട്ടായ്മയി ലൂടെയും, കരുതലിലൂടെയും മഹാമാരിയെവരെ തുടച്ചു നീക്കാൻ കഴിയുമെന്ന ശുഭാപ്തി വിശ്വാസത്തിൽ കുടുംബശ്രീ **CDS** ഏത് പ്രതിസന്ധിഘട്ടത്തിലും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നു.

ആശാ ഷൺമുഖൻ
ബ്ലോക്ക് കോ – ഓഡിനേറ്റർ
**ME & Marketting**
പാറശ്ശാല ബ്ലോക്ക്

*******